**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5508** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് ടെക്നീഷ്യൻ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളുണ്ടെന്നും ആയത് പ്രവർത്തിപ്പിക്കുന്നതിന് എത്ര ടെക്നീഷ്യൻ തസ്തികകളാണ് നിലവിലുള്ളതെന്നും അറിയിക്കുമോ; | (എ) | നിലവിൽ 91 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സ.ഉ. (കൈ) നം. 136/2017/ആ.കു.വ തീയതി 23.09.2017 ലെ ആർദ്രം പദ്ധതി പ്രകാരം ജില്ലാ/ ജനറൽ/താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് ടെക്നീഷ്യന്മാരുടെ 68 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കോന്നി, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ ഒഴികെ മറ്റെല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ആരോഗ്യവകുപ്പിനുകീഴിൽ എത്ര സ്ഥിരം ഡയാലിസിസ് ടെക്നീഷ്യന്മാരും എത്ര താൽക്കാലിക ഡയാലിസിസ് ടെക്നീഷ്യന്മാരും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യവകുപ്പിൽ ഡയാലിസിസ് ടെക്നീഷ്യന്മാരുടെ 68 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. ആരോഗ്യവകുപ്പിന് കീഴിൽ 404 താൽക്കാലിക ഡയാലിസിസ് ടെക്നീഷ്യന്മാർ ജോലി ചെയ്യുന്നുണ്ട്. |
| (സി) | ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേക്കുള്ള അടിസ്ഥാനയോഗ്യത എന്താണെന്നും പ്രസ്തുത യോഗ്യത ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (സി) | അടിസ്ഥാന യോഗ്യത നിർണ്ണയിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ